(ബി) 7-ാം ക്ളാസ്സ് മുതൽ കംപ്യൂട്ടർ പഠനം പാഠ്യ പദ്ധതിയുടെ ഭാഗമാക്കുന്നത് സംബന്ധിച്ച് പരിപാടിക്ക് അന്തിമ രൂപം നൽകി വരുന്നു.

(സി) തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് എട്ടാം ക്ലാസ്സ് മുതൽ കംപ്യൂട്ടർ ബോധവൽക്കരണ പരിപാടി ഇപ്പോൾ തന്നെ നടപ്പാക്കി വരുന്നുണ്ട്. എന്നാൽ കംപ്യൂട്ടർ വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കി 2001-2002 മുതൽ 7-ാം ക്ളാസ്സ് മുതൽ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രൈമറി തലത്തിൽ കംപ്യൂട്ടർ പഠനം പാഠ്യ പദ്ധതിയുടെ ഭാഗമാക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സെൻ കമ്മറ്റി ശുപാർശ

28(*118) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ സെൻ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്ത് നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് തുടർ നടപടികളുടെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ ;

(സി) ജനകീയാസൂത്രണ പ്രക്രിയയിൽ വിദഗ്ദ്ധ സമിതികൾ എന്തൊക്കെ സേവനങ്ങളാണ് നിർവ്വഹിക്കുന്നത് ;

(ഡി) വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം അനിവാര്യമാണോ ; ഇല്ലെങ്കിൽ അവ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ&ബി) അധികാരവികേന്ദ്രീകരണ നടപടികളുടെ ഭാഗമായി അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടും, 1999ൽ സമഗ്രമായി ഭേദഗതി ചെയ്യുകയുണ്ടായി. ഇതേ ലക്ഷ്യം മുൻനിറുത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് 35 നിയമങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. കുറെ ചട്ടങ്ങൾ പുതിയതായി പുറപ്പെടുവിക്കുകയും കുറെ ചട്ടങ്ങൾ ഭേദഗതി ചെയ്യുകയുമുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ആഡിറ്റ് ഏർപ്പെടുത്തിയും, അഴിമതി, ധനദുർവിനിയോഗം തുടങ്ങിയ ആരോപണങ്ങൾ അന്വേഷിച്ച് നടപടിയെടുക്കുന്നതിന് ഓംബുഡ്സ്മാൻ രൂപീകരിച്ചതും അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള നടപടികളാണ്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൂടുതൽ സർക്കാർ ഉദ്യോഗസ്ഥൻമാരെ പുനർവിന്യസിപ്പിക്കണമെന്ന കമ്മിറ്റിയുടെ ശുപാർശ സർക്കാർ തത്വത്തിൽ അംഗീകരിച്ച് തുടർ നടപടികൾ കൈക്കൊണ്ടുവരികയാണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനാവശ്യമായ സാങ്കേതിക സഹായം നൽകുക; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പ്രോജക്ടുകൾ അംഗീകരിക്കാത്തതാണോ എന്ന് ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്കുവേണ്ടി സൂക്ഷ്മ പരിശോധന നടത്തുക. ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകരിച്ച പ്രകാരമുള്ള പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുക എന്നിവയാണ് ജനകീയാസൂത്രണ പ്രക്രിയയിൽ വിദഗ്ദ്ധ സമിതികൾ നിർവഹിച്ചുവരുന്ന പ്രധാനപ്പെട്ടസേവനങ്ങൾ.

(ഡി) ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയാകുന്നതുവരെ നിലവിലുള്ള വിദഗ്ദ്ധ സമിതികൾ അനിവാര്യമാണ്.

ടൗൺ പഞ്ചായത്ത് രൂപീകരണം

29(*119) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൗൺ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ലെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് സെൻകമ്മിറ്റിയുടെ ശുപാർശ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനെക്കുറിച്ച് പഠിക്കാൻ സർക്കാർ ചുമതലപ്പെടുത്തിയ മുനിസിപ്പൽ ഭരണ ഡയറക്ടറുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഇതിൻമേൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) സംസ്ഥാനത്തു ടൗൺ പഞ്ചായത്തുകൾ ഇപ്പോൾ രൂപീകരിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ നയപരമായ തീരുമാനം.

(ബി) ടൗൺ പഞ്ചായത്ത് രൂപീകരിക്കുന്നതുകൊണ്ട് പ്രത്യേക ഗുണം ഇപ്പോഴുണ്ടെന്ന് കരുതുന്നില്ല.

(സി) ശുപാർശ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly